ഭക്ഷ്യസംഭരണ വിതരണങ്ങളിൽ ഐകരൂപ്യം

*൧൦൭൫. (൪൬) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരുവിതാംകൂർ വിഭാഗത്തെ സംഭരണ വിതരണ ക്രമങ്ങൾ കൊച്ചിവിഭാഗത്തെപ്പോലെയാക്കുവാൻ ഗവണ്മെണ്ട ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ തിരുവിതാംകൂർ വിഭാഗവും കൊച്ചിവിഭാഗവും തമ്മിൽ ഇപ്പോഴുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?

വിദ്യാഭ്യാസവും, തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എയും, ബിയും) സംഭരണരീതി രണ്ടുവിഭാഗങ്ങളിലും ഇപ്പോൾ ഒരുപോലെയാണ്. വിതരണക്രമത്തിൽ അൽപം ചില വ്യത്യാസങ്ങളുണ്ട്.

(എ) കൊച്ചിയിൽ ഞായ്ക്കാർഡുകാക്ക് പുറമെ ദിവസകാർഡുകാരും ഉണ്ട്. തിരുവിതാംകൂറിൽ ദിവസകാർഡുകാർ ഇല്ല.

(ബി) തിരുവിതാംകൂറിൽ റിട്ടെയിൽ കടക്കാക്ക് ഹോൾസെയിൽ വ്യാപാരികൾ വഴിയാണ് റേഷൻ ധാന്യങ്ങൾ വിതരണം ചെയ്യുന്നത്. കൊച്ചിയിൽ ഹോൾസെയിൽ വ്യാപാരികളില്ല. റിട്ടയിൽ വ്യാപാരികൾ ഗവണ്മെണ്ട് ഡിപ്പോകളിൽ നിന്നു നേരിട്ടാണ് ധാന്യങ്ങൾ വാങ്ങുന്നത്. ഗവണ്മെണ്ട് ഡിപ്പോകളിൽനിന്നും റിട്ടെയിലേഴ്സിനു നേരിട്ട വിതരണം ചെയ്യുന്ന സംപ്രദായം തിരുവിതാംകൂറിലെ താലൂക്കുകളിൽ ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്. ബാക്കി താലൂക്കുകളിൽ ഈ ഏർപ്പാട് കഴിയുന്നതും വേഗത്തിൽ നടപ്പിലാകുന്നതാണ്.

ALLOTMENT OF FOODGRAINS

*1075. [46] **Sri. R. K. Ram:** Will the Hon'ble Minister for Food and Civil Supplies be pleased to state.:—

(*a*) the total allotment of foodgrains granted by the Central Government to our State for the year 1950; and

(*b*) the amount so far received?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) 3,00,000 tons.

(*b*) Quantity received till end of September 1950—2,17,304 tons.

ചണകൃഷി

*൧൦൭൬. (൪൩) ശ്രീ. കോന്നനാത്തു കണ്ണതിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷികാര്യമന്ത്രി സദയം മറുപടി നൽകുമോ:—

(എ) സെൻട്രൽ ഗവണ്മെണ്ടിന്റെ നിർദ്ദേശമോ ഉപദേശമോ അനുസരിച്ചു എത്ര ഏക്കർ സ്ഥലത്തു ഈ കൊല്ലത്തിൽ ഐകൃസംസ്ഥാനത്തു ചണം കൃഷി ചെയ്തിട്ടുണ്ട്.

(ബി) അപ്രകാരം കൃഷിചെയ്യുതിനു എത്ര ചിലവു വന്നിട്ടുണ്ട്;

(സി) ഉണ്ടായിട്ടുള്ള പണം ഉല്പാദനത്തിന്റെ വിലയെത്ര

(ഡി) ചണകൃഷിയെ സംബന്ധിച്ചു ഗവണ്മെണ്ടിന്റെ നയം എന്താണെന്നു പ്രഖ്യാപിക്കുവാൻ ഭയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly